(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ട് നദീതീര സംരക്ഷണ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനും അനധികൃത മണൽവാരൽ തടയുന്നതിനും, മണൽ ആഡിറ്റ് നടത്തുന്നതിനുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇതിലേയ്ക്ക് പ്രസ്തുത ആക്റ്റിലും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ പറയുന്ന എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) 21-3-2004 വരെ എല്ലാ ജില്ലയിലേയും റിവർ മാനേജ്മെന്റ് ഫണ്ടിൽ ആകെ 37,67,58,939 രൂപ ലഭിച്ചിട്ടുണ്ട്. (എ)-യിൽ വിവരിച്ച വിവിധ ആവശ്യങ്ങൾക്കായി 3,57,49,682 രൂപ ചിലവായിട്ടുണ്ട്.

(സി) ഉണ്ട്. പാലക്കാട് ജില്ലയിൽ.

1.	ടെലിഫോൺ ചാർജ്ജ് അടച്ചത് ..	₹ 48,685
2.	സർവ്വീസ് സ്റ്റാംപ് വാങ്ങിയത് ..	₹ 50,000
3.	കമ്പ്യൂട്ടർ സ്റ്റേഷനറി വാങ്ങിയത് ..	₹ 11,250
4.	വാഹനം നന്നാക്കുന്നതിന് ചിലവായത് ..	₹ 24,700
	ആകെ	₹ 1,34,635

(ഡി) 34,08,74,602 രൂപ.

വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഓഫീസുകളിലെ അഴിമതിയും ക്രമക്കേടുകളും

*18 [481] ശ്രീ. എം. വി. ജയരാജൻ:
„ പി. ജയരാജൻ:
„ വി. ചെന്താമരാക്ഷൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എ. ഇ. ഒ., ഡി. ഇ. ഒ., ഡി. ഡി. ഓഫീസുകൾ, എസ്. എസ്. എ. ഓഫീസുകൾ, എസ്. സി. ഇ. ആർ. ടി.-എന്നിവിടങ്ങളിൽ നടക്കുന്ന അഴിമതിയും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതു രീതിയിലുള്ള അന്വേഷണമാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കാനും നിയമനം നടത്താനുമുള്ള അധികാരം എ. ഇ. ഒ., ഡി. ഇ. ഒ. മാർക്ക് നൽകിയത് അഴിമതിക്കായി ദുരുപയോഗപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എ. ഇ. ഒ., ഡി. ഇ. ഒ.-മാർക്ക് നൽകിയ പ്രസ്തുത അധികാരങ്ങൾ എടുത്തുമാറ്റി വിദ്യാഭ്യാസ ട്രൈബ്യൂണലിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദ്യാഭ്യാസരംഗത്ത് നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണവും ചില കേസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ അന്വേഷണവും നടത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 1958 മുതൽ നൽകിയ ഈ അധികാരം സംബന്ധിച്ച് ഒറ്റപ്പെട്ട ചില ക്രമക്കേടുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അല്ലാതെ ഈ അധികാരം വ്യാപകമായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സി പാർട്ടിൽ നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ ക്രമക്കേടുകളും അഴിമതി ആരോപണങ്ങളും അതാത് സമയം തന്നെ അന്വേഷണവിധേയമാക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗൗരവമായ പരാതികളും ക്രമക്കേടുകളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷിപ്പിക്കാറുണ്ട്.

വിദ്യാഭ്യാസ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തുന്ന തുക

*19 [482] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എ. സുജനപാൽ:

,, കെ. ബാബു:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ വിദ്യാഭ്യാസ വകുപ്പിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര വീതമായിരുന്നു;

(ബി) ഈ വർഷങ്ങളിൽ വിദ്യാഭ്യാ,സ വകുപ്പിനുവേണ്ടിവന്ന യഥാർത്ഥ ചെലവ് എത്ര വീതമായിരുന്നു;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് ഈ വകുപ്പിനുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[23-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *18 (481) സദയം കാണുക]

വിദ്യാഭ്യാസ വകുപ്പിലെ അഴിമതികളെക്കുറിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം താഴെ കൊടുക്കുന്നു.

മലപ്പുറം ഡി.ഡി. ഓഫീസിലെ യു.ഡി. ക്ലാർക്കായ ശ്രീ. വി. നടരാജനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും പാലക്കാട് ഡി.ഡി. ഓഫീസിലെ യു.ഡി. ക്ലാർക്കായ ശ്രീ. പി.എസ്. ദേവസ്യയ്ക്ക് നിർബന്ധിത പെൻഷൻ നൽകുകയും താഴെ പറയുന്നവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

1. ശ്രി. കെ. ഭാസ്കരൻ, പി. എ., ഡി. ഇ. ഓഫീസ്, വയനാട്.
2. ,, എൻ. സോമരാജൻ, ഡി. ഇ. ഒ., വയനാട്.
3. ,, പി. ഭാസ്കരൻ, ഡി.ഡി. ഓഫീസ്, കണ്ണൂർ.
4. ,, ഡിക്സി പ്രസാദ്, എ.ഇ.ഒ., ചൊമ്പാല.
5. ,, കെ. മുരളീധരൻ, ഡി.ഇ.ഒ., കോഴിക്കോട്.
6. ,, എ. അരുൺകുമാർ, ഡി. ഡി., തിരുവനന്തപുരം
7. ശ്രീമതി എസ്. റോസ് മേരി, യു.ഡി.സി., ഡി.ഡി. ഓഫീസ്, തിരുവനന്തപുരം.
8. ശ്രീമതി ബി. പുഷ്പിതാഭായി, യു.ഡി.സി., ഡി.ഡി. ഓഫീസ്, തിരുവനന്തപുരം.
9. ശ്രീ. പി. എം. അബ്ദുൾ സമദ്, ഡി.ഡി.ഇ., കാസർഗോഡ്.
10. ,, വി. എൻ. സോമരാജൻ, ഡി.ഡി.ഇ., പത്തനംതിട്ട.
11. ശ്രീമതി എസ്. ഷൈലകുമാരി, എ.ഇ.ഒ., പത്തനംതിട്ട.
12. ശ്രീ. കെ. സുരേന്ദ്രൻ, ഡി.ഇ.ഒ., കൂട്ടനാട്.
13. ,, റ്റി. പി. ഗോവിന്ദൻ, എ.ഇ.ഒ., ചൊമ്പാല
14. ,, റ്റി. മുഹമ്മദ്, സീനിയർ സൂപ്രണ്ട്, എ.ഇ.ഒ., ചൊമ്പാല.
15. ,, സി. രാജപ്പൻ, എ.ഇ.ഒ., കണിയാപുരം.
16. ,, കെ. ശശീധരൻ, ഡി.ഡി.ഇ., കൊല്ലം
17. ,, പി. എ. ശിവരാമൻ, ജൂനിയർ സൂപ്രണ്ട്, പരീക്ഷാഭവൻ
18. ,, സി. എ. ജെയിംസ്, എൽ.ഡി. ക്ലാർക്ക്, പരീക്ഷാഭവൻ.
19. ,, വിജയനാശാരി, യു.ഡി. ക്ലാർക്ക്, ഡി.ഇ.ഒ. ഓഫീസ്, തിരുവനന്തപുരം.
20. ,, എം. ഒ. പുഷ്പേന്ദ്രൻ, ഡി.ഡി.ഇ., ഇടുക്കി.
21. ശ്രീമതി കെ. ആർ. വിജയമ്മ, ഡി.ഇ.ഒ., മൂവാറ്റുപുഴ.
22. ശ്രീ. സി. ശ്രീകുമാരൻ നായർ, ജൂനിയർ സൂപ്രണ്ട്, ഡി.ഇ.ഒ., തിരുവല്ല.
23. ,, എം. വി. അജയകുമാർ, യു.ഡി.സി., ഡി.ഇ.ഒ., തിരുവല്ല.

LIBRARY ARCHIVES Kerala Legislative Assembly